# കാലിക്കറ്റ് സർവകലാശാല

## ധനകാര്യ വിഭാഗം (*ആഭ്യന്തര ഓഡിറ്റ്* )

**ആഭ്യന്തര ഓഡിറ്റ് വിങ് മലയാളഭാഷാ പഠനവകുപ്പ് സന്ദർശിച്ച തയ്യാറാക്കിയ റിപ്പോർട്ട്**

4350/FIN-INT.AUDIT-1/2019/Fin 25.03.2019

**ഓഡിറ്റർ** 1. മനോജ് കുമാർ. ടി

2. സത്യനേശൻ.സി

**സെക്ഷൻ ഓഫീസർ** : ശ്രീമതി. രജിനിദേവി പി .കെ

**ഓഡിറ്റ് തിയ്യതി 21, 22 ഡിസമ്പർ 2018**

കേരളത്തിലെ കലാ സാംസ്കാരിക രംഗത്തെ ഉന്നമനം ഉൾപ്പെടെ ലക്ഷ്യമാക്കി 1971 ൽ പ്രഗത്ഭ മലയാളഭാഷാ പണ്ഡിതനും സാഹിത്യ നിരൂപകനുമായിരുന്ന ഡോ. സുകുമാർ അഴീക്കോടിന്റെ നേതൃത്വത്തിൽ കാലിക്കറ്റ് സർവകലാശാലയിൽ മലയാള ഭാഷാ - സാംസ്കാരിക പഠനവകുപ്പ് ആരംഭിച്ചു. പാശ്ചാത്യവും ഭാരതീയവുമായ പൗരാണിക സാഹിത്യ സിദ്ധാന്തങ്ങളിലും സാഹിത്യ വിമർശനങ്ങളിലും ഉള്ള പഠനങ്ങളും പരിഭാഷയും പുനർരൂപങ്ങളും ഈ പഠനവിഭാഗത്തിൽ നിന്നുള്ള പണ്ഡിത പ്രസിദ്ധീകരണങ്ങളിലൂടെ മലയാളഭാഷയ്ക്കായി സംഭാവന ചെയ്യപ്പെടുന്നുണ്ട്. നാൽപത്തിനായിരത്തിലേറെ പുസ്തകങ്ങളുടെ ഒരു ഗ്രന്ഥശേഖരമാണ് ഇവിടെയുള്ളത്. വടക്കൻ കേരളത്തിന്റെ സാംസ്കാരിക നിധി എന്ന് വിശേഷിപ്പിക്കാവുന്ന താലിയോല ഗ്രന്ഥങ്ങൾ കണ്ടെത്തി, സംസ്കൃതത്തിലും, മലയാളത്തിലുമുള്ള പതിനായിരത്തോളം താലിയോല ഗ്രന്ഥങ്ങൾ സംഭരിച്ച്, വരും തലമുറകൾക്ക് കൂടി പ്രയോജനപ്പെടുന്നവിധത്തിൽ കേട്ടുകൂടാതെ സംരക്ഷിച്ചുവരുന്ന ഉഞ്ചത്തെഴുത്തച്ഛൻ താളിയോല ഗ്രന്ഥപ്പുര ഈ പഠനവകുപ്പിന്റെ കീഴിലുള്ളതാണ്.

**വകുപ്പ് മേധാവി:** ഡോ. എൽ. തോമസ് കുട്ടി

**സെക്ഷൻ ഓഫീസർ:** ശ്രീ. ജയഘോഷ്

**അസിസ്റ്റന്റ് :** ശ്രീമതി. നിവിത. പി

**കമ്പ്യൂട്ടർ അസിസ്റ്റന്റ്:** ശ്രീമതി. ജ്യോതി. എസ് .ബി

**ഓഫീസിൽ സൂക്ഷിക്കുന്ന രേഖകളും രെജിസ്റ്ററുകളും പരിശോധിച്ചു.**

**1)ക്യാഷ് ബുക്ക്**

ക്യാഷ് ബുക്ക് പ്രകാരം 17 .12. 2018 തിയ്യതിക്ക് 5,50,542/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ബാങ്ക് സ്റ്റെമെന്റ് പ്രകാരം നീക്കിയിരിപ്പ തുക 9,40,218/- ആണ്. 3,89,676/- രൂപയുടെ വ്യത്യാസം കാണുന്നു.

A/c No. 57018315771 SBI യൂണിവേഴ്സിറ്റി ബ്രാഞ്ച്.

***ബാങ്കിലെ നീക്കിയിരിപ്പ തുകയുമായി ഐക്യപ്പെടുത്തിയ സ്റ്റെമെന്റ് പ്രകാരം വ്യത്യാസമുള്ള തുകയുടെ വിശദീകരണം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.***

**2) T R 5 രശീതുകൾ**

വിജില .വി എം , ഫെബിന. ഇ.വി. എന്നീ കുട്ടികൾക്ക് യഥാക്രമം 286443, 268438 നമ്പർ രശീതുകൾ മുറിച്ചു നൽകിയതായി കാണുന്നില്ല.

സ്മൃതി മോഹൻ ഇ. എന്ന വിദ്യാർത്ഥിനിക്ക് 288445 നമ്പർ രശീതിന്റെ ഒന്നാം കോപ്പി ആണ് മുറിച്ചു നൽകിയിട്ടുള്ളത്.

***T R. 5 രസീതുപയോഗിച്ച് സർവകലാശാല കാര്യാലയങ്ങളിൽ പണം സ്വീകരിക്കുന്നതിന് No. 1876/FIN-INT.AUDIT-1/2018/Fin പരിപത്രത്തിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .***

**3) ഇ. ഗ്രാന്റ്സ് സംബന്ധിച്ച രജിസ്റ്റർ,** ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചു.
ഇ ഗ്രാന്റ്സ് അക്കൗണ്ട് നമ്പർ 309780 88 583 SBI (കറന്റ് അക്കൗണ്ട്)
15.12 .2018 തിയ്യതിക്ക് നീക്കിയിരിപ്പ് തുക 5,34,367 / രൂപ.
***ഇ ഗ്രാന്റ്സ് ഇനത്തിൽ പഠനവകുപ്പ് ആവശ്യപ്പെട്ട തുകയും അനുവദിക്കപ്പെട്ടതുകയും ആയത് ഇനം തിരിച്ച് വിതരണം ചെയ്തതുമായ കണക്ക് വ്യക്തമായി രേഖപ്പെടുത്തേണ്ടതും ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ തുകയൊന്നുമില്ലാതെയും തുടരേണ്ടതാണ്.***

**4) ABLC രജിസ്റ്റർ** 2012 മാർച്ച് മുതലുള്ളത് പരിശോധിച്ചു. 2017 മാർച്ച് മുതൽ 2018 ജൂൺ വരെ ABLC കുടിശ്ശിക ഇനത്തിൽ 1,61,457 രൂപ ഹോസ്റ്റലുകളിലേക്ക് നലകാനുണ്ടെന്നു മനസിലാക്കുന്നു. ഇത് കഴിയുന്നത്ര വേഗത്തിൽ ഹരിജനക്ഷേമവകുപ്പിൽ നിന്നും പ്രതിപൂരണം നടത്തി വാർഡൻ വഴി സർവകലാശാലയുടെ കണക്കിൽ അടവാക്കേണ്ടതാണ് .

**5) കോഷൻ ഡെപ്പോസിറ്റ് രജിസ്റ്റർ**
2001 മുതൽ 2018 വരെ മലയാളഭാഷാ പഠന വകുപ്പിൽ പ്രവേശനം നേടിയ 133 എം. എ വിദ്യാർത്ഥികൾക്കും 40 എം. ഫിൽ വിദ്യാർത്ഥികൾക്കും കോഷൻ ഡെപ്പോസിറ്റ് തുക മടക്കി നൽകാനുള്ളതായി കാണുന്നു. ഈ ഇനത്തിൽ കാലാവധി കഴിഞ്ഞും തുക മടക്കിവാങ്ങാത്ത വിദ്യാർത്ഥികളുടെ ഡെപ്പോസിറ്റ് തുക കണക്കാക്കി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നിയമാനുസൃതം ഉത്തരവാക്കി സർവകലാശാലാ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

**6) ഉത്തരക്കടലാസുകൾ സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്ന രജിസ്റ്റർ** പരിശോധിച്ചു. ഇക്കാര്യത്തിൽ ഓഫീസിൽ കുറേക്കൂടി അവധാനത ആവശ്യമാണെന്ന് നിരീക്ഷിക്കുന്നു.
*a) മെയിൻ ഷീറ്റ് അഡിഷണൽ ഷീറ്റ് എന്നിവയുടെ അകെ സ്റ്റോക്ക്*
*b) പരീക്ഷയ്ക്കുവേണ്ടി ഉപയോഗിക്കുന്ന ഉത്തരക്കടലാസുകളുടെ സീരീസും എണ്ണവും പരീക്ഷാതീയതിയും*
*c) പരീക്ഷയ്ക്ക് ശേഷം ബാക്കിവരുന്ന ഉത്തരക്കടലാസുകളുടെയും ഉപയോഗയോഗ്യമല്ലാത്തവയുടെയും വിശദമായ കണക്ക് , തിയ്യതി , സീരീസ്,*
എന്നിവ കൃത്യമായി രെജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും മേലധികാരി സാക്ഷ്യപ്പെടുത്തി ഒപ്പുവെക്കേണ്ടതുമാണ്.

**7) സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ** പരിശോധിച്ചു. അപാകതകളില്ല.

**8)സ്റ്റോക്ക് രജിസ്റ്റർ, 9)അപ്പ്രോപ്രിയേഷൻ രജിസ്റ്റർ, 10)കണ്ടിൻജന്റ് ബിൽ രജിസ്റ്റർ, 11)ചെക്ക് നൽകുന്നത് രേഖപ്പെടുത്തുന്ന രജിസ്റ്റർ, 12)പി എ രജിസ്റ്റർ,** പരിശോധിച്ചു. അപാകതകളില്ല.

Suresh K.K
Finance Officer